(സി) പുതിയ മത്സ്യബന്ധന ഇറമുഖങ്ങൾ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനാവശ്യമായ ഭരണാനുമതിയും ഫണ്ടും " 4405-104-83- പുതിയ മത്സ്യബന്ധന ഇറമുഖങ്ങളുടെ അന്വേഷണ ഗവേഷണം " എന്ന ശീർഷകത്തിൽ ഓരോ പദ്ധതിക്കും അനുവദിക്കുന്നുണ്ട്.

അന്വേഷണ ഗവേഷണ പഠനം പൂർത്തിയായി മാതൃകാ പഠന റിപ്പോർട്ട്, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, CRZ സ്റ്റാറ്റസ് റിപ്പോർട്ട്, CRZ/EIA ക്ലിയറൻസ്, പരിസ്ഥിതി ക്ലിയറൻസ് എന്നിവ ലഭ്യമാകുമ്പോൾ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി, പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതിയും ഫണ്ടും അനുവദിച്ച്, പദ്ധതികൾ ക്രമീകരിച്ച് നടപ്പിലാക്കുകയും ചെയ്യുവരുന്നു.

**വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ**

69(5654) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ വളഞ്ഞവഴിയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ :

(ബി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം നടക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വളഞ്ഞവഴി കടപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ലേലഹാൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചതനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ പല പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരുംതന്നെ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായില്ല. സുനാമി പദ്ധതികൾ അവസാനിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല.

(സി) 25.00 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വളഞ്ഞവഴി കടൽത്തീരത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭാഗത്ത് മുൻപ് കടൽഭിത്തി നിലവിൽ ഇല്ലായിരുന്നു. എന്നാൽ തുടർച്ചയായി ഉണ്ടാകുന്ന കടലാക്രമണത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിനാൽ ഈ ഭാഗത്ത് ഇറിഗേഷൻ വകുപ്പ് കടൽഭിത്തി നിർമ്മിച്ച് കടൽത്തീരവും ലേലം നടക്കുന്ന സ്ഥലവും വേർതിരിക്കുകയുണ്ടായി. ആയതിനാൽ ലാന്റിംഗ് സെന്റർ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അജാനൂർ മത്സ്യബന്ധന തുറമുഖം**

70(5655) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുമെന്നും എന്തെല്ലാം നടപടികളാണ് പൂർത്തിയായതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും പ്രവർത്തിക്ക് ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദമായ വിവരം നൽകാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ ഭാഗമായിട്ടുള്ള അന്വേഷണ ഗവേഷണ പഠനം നടത്തുന്നതിന് 30-3-2013-ലെ സ.ഉ. (സാധാ.) 260/13/മത്സ്യ പ്രകാരം 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) Littoral drift and Shore line Evolution-ന്റെ ഡ്രാഫ്റ്റ് മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി റിപ്പോർട്ട് സി.ഡബ്ല്യു.പി.ആർ.എസ്.-ൽനിന്നും ലഭിച്ചിട്ടുണ്ട്. Wave tranquillity-ന്റെ മാതൃകാ പഠനം റിപ്പോർട്ട് ലഭിക്കാനുണ്ട്. മാതൃകാ പഠനം 4 മാസത്തിനകം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃകാ പഠനത്തിനുശേഷം പരിസ്ഥിതി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന ഏർപ്പാടാക്കണം. ടി പഠനത്തിന് ഏകദേശം 10 മാസം അനിവാര്യമാണ്. മാതൃകാ പഠനവും പരിസ്ഥിതി പഠനവും പൂർത്തിയായ ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഭരണാനുമതിയ്ക്കായിട്ടുള്ള വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്. ടി പഠനങ്ങൾക്ക് ഇതുവരെ 22,79,775 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly